എ.ഡി.(2) 3004/2017

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
ജവഹർ സഹകരണ ഭവൻ, അഞ്ചാം നില
ഡി.പി.ഐ ജംഗ്ഷൻ, തൈക്കാട് പി.ഒ,
തിരുവനന്തപുരം, പിൻ. നം. 695014,
ഫോൺ നം. 0471-2333418,
ഇ–മെയിൽ. keraladca@gmail.com,
തീയതി **13/07/2017**

**<u>സർക്കുലർ. നമ്പർ. 01/2017</u>**

വിഷയം :- സഹകരണ വകുപ്പ്– ആഡിറ്റ് ഡയറക്ടറേറ്റ്-വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർ അംഗീകരിച്ചു നൽകുന്ന ആഡിറ്റ് സർട്ടിഫിക്കറ്റുകൾ – നിർദ്ദേശങ്ങൾ – സംബന്ധിച്ച് –

സൂചന :- സഹകരണ സംഘം രജിസ്ട്രാറുടെ 14/06/1999-ലെ 24/99–ാം നമ്പർ സർക്കുലർ.

സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും അംഗീകരിച്ചു നൽകുന്ന ആഡിറ്റ് സർട്ടിഫിക്കറ്റുകളെ സംബന്ധിച്ചുള്ള നിർദ്ദേശമാണ് സൂചന സർക്കുലർ പ്രകാരം നൽകിയിരുന്നത്. കേരള സഹകരണ സംഘം നിയമം ഭേദഗതി ചെയ്ത് വകുപ്പ് 63 പ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റ് സഹകരണ ആഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ 14/06/2017–ന് സഹകരണ ആഡിറ്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ആഡിറ്റ് ഡയറക്ടറേറ്റിൽ വച്ചുനടന്ന ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാരുടെ യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർ അംഗീകരിച്ചുനൽകേണ്ട ആഡിറ്റ് സർട്ടിഫിക്കറ്റുകളെ സംബന്ധിച്ചുള്ള നിർദ്ദേശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ | സഹകരണ സ്ഥാപനങ്ങളുടെ/ആഡിറ്റിന്റെ ഇനം |
|---|---|---|
| 1 | ആഡിറ്റ് അഡീഷണൽ ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ് | 1). എല്ലാ അപ്പക്സ് സഹകരണ സംഘങ്ങളും<br>2). സെൻട്രൽ സഹകരണ സംഘങ്ങൾ<br>3). സഹകരണ മേഖലയിലെ ബോർഡുകൾ<br>4). ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികയ്ക്ക് മുകളിൽ വരുന്ന ഉദ്യോഗസ്ഥർ ആഡിറ്റ് ചെയ്യുന്ന സംഘങ്ങൾ.<br>5). സംസ്ഥാന സഹകരണ യൂണിയൻ |

| | | |
|---|---|---|
| 2 | ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർ | 1). ജൂനിയർ ആഡിറ്റർ തസ്തികയ്ക്കു മുകളിലുള്ളതും ജോയിന്റ് ഡയറക്ടർ തസ്തികയ്ക്കു താഴെയുള്ളതുമായ സമകാലീന ആഡിറ്റർമാർ ആഡിറ്റ് ചെയ്യുന്ന സംഘങ്ങൾ.<br>2). ഫെഡറൽ സഹകരണ സംഘങ്ങൾ (സംഘം നിയമാവലി പ്രകാരം ആസ്ഥാനം ഏതു ജില്ലയിലാണോ പ്രസ്തുത ആഡിറ്റ് ജോയിന്റ് ഡയറക്ടർ)<br>3). സർക്കിൾ സഹകരണ യൂണിയൻ |
| 3 | സർക്കിൾ തല അസിസ്റ്റന്റ് ഡയക്ടർ | 1). മേൽ സൂചിപ്പിച്ചിട്ടുള്ളവ ഒഴികെയുള്ള എല്ലാ യൂണിറ്റ്/അരിയർ ആഡിറ്റുകളും, ജൂനിയർ ആഡിറ്റർമാർ നിർവ്വഹിക്കുന്ന സമകാലീന ആഡിറ്റുകളും |

(ഒപ്പ്)
വി. സനൽകുമാർ. ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

പകർപ്പ്;

1) സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സഹകരണ ആഡിറ്റ് ഡയറക്ടറുടെ മേശപ്പുറത്ത്.
3) അഡീഷണൽ ഡയറക്ടറുടെ മേശപ്പുറത്ത്.
4) എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും, എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും, എല്ലാ ആഡിറ്റർമാർക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
5) ഐ.റ്റി. സെക്ഷൻ, സഹകരണ സംഘം രജിസ്ട്രാർ ആഫീസ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

സഹകരണ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ